"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - മാനന്തവാടി സർക്കാർ കോളേജിൽ സർവീസിലിരിക്കെ മരണമടഞ്ഞ സീനിയർ ക്ലർക്ക് ബാലകൃഷ്ണൻ പി എ ക്കു അനുവദിച്ച ഭവന നിർമ്മാണ വായ്പ എഴുതി തള്ളി ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.689/2024/HEDN തീയതി,തിരുവനന്തപുരം, 14-06-2024

---

പരാമർശം:-

1. 12.11.2009 ലെ സ.ഉ(സാധാ)നം.505/2009/ധന നമ്പർ ഉത്തരവ്.
2. കോളേജ് വിദ്യാഭാസ വകുപ്പ് ഡയറക്ടറുടെ 10.06.2014 ലെ ജി1/18948/2013/കോ.വി.വ നമ്പർ നടപടിക്രമം.
3. 17.07.2017 ലെ സ.ഉ. (പി) 91/2017/ധന നമ്പർ ഉത്തരവ്.
4. കോളേജ് വിദ്യാഭാസ വകുപ്പ് ഡയറക്ടറുടെ 21.12.2017 ലെ ജി1/26254/2016/കോ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

മാനന്തവാടി, ഗവൺമെന്റ് കോളേജ് സീനിയർ ക്ലർക്ക് ആയിരുന്ന ശ്രീ ബാലകൃഷ്ണൻ പി എ ക്കു പരാമർശം (2) പ്രകാരം 2013 -14 വർഷത്തിൽ 7,13,000/- രൂപ (ഏഴു ലക്ഷത്തി പതിമൂന്നായിരം രൂപ) ഭവന വായ്പ അനുവദിച്ചിരുന്നു. എന്നാൽ ടിയാൻ 06.03.2015 തീയതിയിൽ മരണമടഞ്ഞതിനാൽ പരേതന്റെ 2013-14 കാലയളവിലെ പരാമർശം (2) പ്രകാരം അനുവദിച്ച 7,13,000/- രൂപ (ഏഴു ലക്ഷത്തി പതിമൂവായിരം രൂപ) ഭവന വായ്പ എഴുതി തള്ളുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് പരാമർശം (4) പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ സേവനത്തിലിരിക്കെ ടിയാന് അനുവദിച്ചിരുന്ന ഭവന വായ്പ ഉപയോഗിച്ച് പരാമർശം (3) ലെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി വീട്ടുപണി പൂർത്തീകരിച്ചെന്നും മരണപ്പെടുന്ന അവസരത്തിൽ ടിയാന്റെ ശമ്പളത്തിൽ നിന്നും നാല് ഗഡു, അതായത് 28,520/- രൂപ മാത്രമേ ടി ലോണിലേക്ക് റിക്കവറി നടത്തിയിരുന്നുള്ളു എന്നും കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, മാനന്തവാടി സർക്കാർ കോളേജിലെ സീനിയർ ക്ലാർക്കായി സേവനത്തിലിരിക്കെ അന്തരിച്ച പി.എ. ബാലകൃഷ്ണന്റെ ഭവന നിർമ്മാണ വായ്പയിലെ ആകെ ബാധ്യതയായ 7,14,010/- രൂപയിൽ (ഏഴ് ലക്ഷത്തി പതിനാലായിരത്തി പത്ത് രൂപ മാത്രം) പലിശയിനത്തിലെ ബാധ്യതയായ 29,530/- രൂപ (ഇരുപത്തിയൊൻപതിനായിരത്തി അഞ്ഞൂറ്റി മുപ്പത് രൂപ മാത്രം) ഒഴിവാക്കി, മുതലിനത്തിലെ ബാധ്യതയായ 6,84,480/- രൂപയിൽ 4,70,470/- രൂപ (നാല് ലക്ഷത്തി

എഴുപതിനായിരത്തി നാന്നൂറ്റി എഴുപത് രൂപ മാത്രം) 2075-00-795-98-HBA write off(N/V) എന്ന ശീർഷകത്തിൽ ചെലവും 7610-00-201-98-HBA-State Service Officers(N/V) എന്ന ശീർഷകത്തിൽ വരവും കാണിച്ച് പരാമർശം 3 പ്രകാരം എഴുതി തള്ളി ഉത്തരവാകുന്നു.

മുതലിനത്തിൽ ബാക്കിയുള്ള 2,14,010/- രൂപ (രണ്ട് ലക്ഷത്തി പതിനാലായിരത്തി പത്ത് രൂപ മാത്രം) ടിയാന്റെ ഡി.സി.ആർ.ജി.- യിൽ നിന്നും ഈടാക്കുവാനും ഡി.സി.ആർ.ജി. തികയുന്നില്ലെങ്കിൽ ബാക്കി വരുന്ന തുക ടിയാന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ അനന്തരാവകാശികളിൽ നിന്നോ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഈടാക്കുന്നതിനു കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സിനി .ജെ .ഷുക്കൂർ
അഡിഷണൽ സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീമതി സീത പി വി, പാലോട് വീട്, പി ഓ പോരൂർ, വയനാട്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് - എ & ഇ) തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (നം.1517325/EDN-C2/231/2020-FIN തീയതി 12.03.2024)
5. ഇൻഫർമേഷൻ ഓഫീസർ, ഐ&പി.ആർ.ഡി
6. നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി (F1/23/2018-HEDN)

ഉത്തരവിൻ പ്രകാരം
Signed by
Asoka Kumari. L
സെക്ഷൻ ഓഫീസർ
Date: 15-06-2024 11:19:14